# ഖുർആൻ അക്ഷരങ്ങളും വാക്കുകളുമാണ്

ഗ്രന്ഥകർത്താവ്: ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ ( رَحِمَهُ اللهُ )
അവലംബ ഗ്രന്ഥം: شرح لمعة الإعتقاد الهادي إلى سبيل الرشاد
വിവർത്തനം: അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി

വിശുദ്ധ ഖുർആൻ അക്ഷരങ്ങളും (حروف) വാക്കുകളും (كلمات) ആകുന്നു എന്നതിന് ഗ്രന്ധകാരൻ (അല്ലാഹു അദ്ദേഹത്തിന് കരുണചെയ്യട്ടെ) താഴെ പറയുന്ന എട്ട് തെളിവുകൾ നിരത്തുന്നു.

**1. കാഫിറുകൾ അതിനെ (ഖുർആനിനെ) കവിത (شعر) എന്ന് പറഞ്ഞു തള്ളിക്കളഞ്ഞു:**

വാക്കുകളും അക്ഷരങ്ങളുമുള്ള ഒന്നിനെയല്ലാതെ ഇങ്ങനെ വിശേഷിപ്പിക്കാനാവുകയില്ല.

**2. അല്ലാഹുവിൻെറ വെല്ലുവിളി:**

ഖുർആനിനെ നിഷേധിച്ചവരെ അതുപോലുള്ള ഒന്ന് കൊണ്ടുവരാൻ അല്ലാഹു വെല്ലുവിളിച്ചു. ഖുർആൻ അക്ഷരങ്ങളും വാക്കുകളുമുൾക്കൊണ്ടതല്ലായിരുന്നുവെങ്കിൽ മേൽപറഞ്ഞ വെല്ലുവിളി സ്വീകരിക്കാൻ കഴിയാത്തതായിരിക്കും. എന്താണ് എന്ന് കൃത്യമായി അറിയുന്ന ഒരു കാര്യത്തിലല്ലാതെ വെല്ലുവിളി ഉണ്ടായിരിക്കുകയില്ല.

**3. ഖുർആൻ അവർക്ക് ഓതിടക്കാടുക്കപ്പെടുന്നതാണെന്ന അല്ലാഹുവിൻെറ പ്രഖ്യാപനം:**

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَاتُنَا بَيِّنَـٰتٍ ۙ قَالَ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا ٱئْتِ بِقُرْءَانٍ غَيْرِ هَـٰذَآ أَوْ بَدِّلْهُ (سورة يونس 15)

“നമ്മുടെ സ്പഷ്ടമായ തെളിവുകൾ അവർക്ക് വായിച്ചു കേൾപ്പിക്കപ്പെടുമ്പോൾ, നമ്മെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്തവർ പറയും ‘നീ ഇതല്ലാത്ത ഒരു ഖുർആൻ കൊണ്ടുവരികയോ, ഇതിൽ ഭേദഗതി വരുത്തുകയോ ചെയ്യുക’ എന്ന്.” (യൂനുസ് 15).

അക്ഷരങ്ങളും വാക്കുകളുമുള്ള ഒന്നല്ലാതെ വായിക്കപ്പെടാനാകില്ല.

**4. അത് പൺഡിതന്മാരുടെ മനസ്സിൽ ഹൃദിസ്ഥമാക്കിയും സുരക്ഷിത ഫലകത്തിൽ (لوح المحفوظ) എഴുതപ്പെട്ടും സൂക്ഷിക്കപ്പെടുന്നു, എന്ന അല്ലാഹുവിൻെറ വാക്ക്:**

بَلْ هُوَ ءَايَـٰتٌۢ بَيِّنَـٰتٌ فِى صُدُورِ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ ۚ (سورة العنكبوت 49)

“എന്നാൽ ജ്ഞാനം നർകപ്പെട്ടവരുടെ ഹൃദയങ്ങളിലത് വ്യക്തമായ ദൃഷ്ടാന്തമാകുന്നു.” (അൻകബൂത് 49).

إِنَّهُۥ لَقُرۡءَانٞ كَرِيمٞ ۝٧٧ فِي كِتَٰبٖ مَّكۡنُونٖ ۝٧٨ لَّا يَمَسُّهُۥٓ إِلَّا ٱلۡمُطَهَّرُونَ (سورة الواقعة 77-79)

“തീർച്ചയായും ഇത് ആദരണീയമായ ഖുർആൻ തന്നെയാകുന്നു ഭദ്രമായി സൂക്ഷിക്കട്ടെ ഒരു രേഖയിലെത്രെ അത്. പരിശുദ്ധി നൽകപ്പെട്ടവരല്ലാതെ അത് സ്പർശിക്കുകയില്ല” (സൂറത്ത്: വാഖിഅ: 77, 78).

അക്ഷരങ്ങളും വാക്കുകളുമല്ലാതെ സൂക്ഷിക്കുവാനും എഴുതുവാനും സാധിക്കുകയില്ല.

5. **നബി(ﷺ)യുടെ വാക്ക്:**

مَنْ قَرأَ الْقُرْآنَ فَأَعْربه فَلَه بِكُل حَرْفٍ عشر حسنَاتٍ، ومَنْ قَرأَه ولَحن فيه فَلَه بِكُل حَرْفٍ حسنَةٌ

“വല്ലവനും നിയമങ്ങൾ ശ്രദ്ധിച്ചുകൊണ്ട് ഖുർആൻ പാരായണം ചെയ്താൽ അവന്ന് ഓരോ അക്ഷരങ്ങൾക്കും പത്ത് പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്, ആരെങ്കിലും അത് (ഖുർആൻ) പാരായണം ചെയ്യുകയും അതിൽ തെററ് സംഭവിച്ചാൽ പോലും ഓരോ അക്ഷരത്തിനും അവന്ന് ഓരോ നന്മയുണ്ടായിരിക്കുന്നതാണ്.”

ഇത് സ്വഹീഹാണ് എന്ന് ഗ്രന്ഥകാരൻ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും ഇങ്ങനെ ഒന്ന് റിപ്പോർട്ട്ചെയ്ത ആരേയും എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല.

6. **അബൂബക്കർ(رضي الله عنه), ഉമർ (رضي الله عنه) എന്നിവരുടെ വാക്കുകൾ:**

إعراب القرآن أحب إلينا من حفظ بعض حروفه

“ഖുർആനിലെ ഏതാനും അക്ഷരങ്ങൾ മനപ്പാഠമാക്കുന്നതിനേക്കാൾ ഞങ്ങൾക്ക് താൽപ്പര്യം അത് തെററുകൂടാതെ അർത്ഥസഹിതം ശ്രദ്ധിക്കുന്നതാണ്.”

7. **അലി(رضي الله عنه)വിൻെറ വാക്ക്:**

من كفر بحرف منه فقد كفر به كله

“വല്ലവനും ഖുർആനിലെ ഒരക്ഷരം നിഷേധിച്ചാൽ അവൻ ഖുർആനിനെ മുഴുവൻ നിഷേധിച്ചു.”

8. **മുസ്ലിംകളുടെ ഏകകണ്ഠമായ അഭിപ്രായം (إجماع المسلمين):**

ഗ്രന്ഥകാരൻ ഉദ്ധരിക്കുന്നത് പോലെ, വല്ലവനും ഖുർആനിൽനിന്നുള്ള ഒരദ്ധ്യായമോ, വചനമോ, പദമോ അക്ഷരമോ നിഷേധിച്ചാൽ അവൻ കാഫിർ (നിഷേധി) ആണെന്ന കാര്യത്തിൽ ഏകാഭിപ്രായമാണുള്ളത്.

ഖുർആനിലെ അദ്ധ്യായങ്ങളുടെ എണ്ണം 114 ആണ്. അവയിൽ 29 അദ്ധ്യായങ്ങൾ കേവല അക്ഷരങ്ങൾകൊണ്ട് ആരംഭിക്കപ്പെട്ടവയുമാണ്.